# കേരള സർവകലാശാല

നം. പി.ആർ.073/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

## പരീക്ഷകൾ മാറ്റി

കേരള സർവകലാശാലയുടെ ഏപ്രിൽ രണ്ടിന് നടത്താനിരുന്ന ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ എൽ.എൽ.ബി / ബി.കോം എൽ.എൽ.ബി /ബി.ബി.എ എൽ.എൽ.ബി ഡിഗ്രി പരീക്ഷ ഏപ്രിൽ നാലിലേക്കും, മറ്റെല്ലാ പരീക്ഷകളും ഏപ്രിൽ 18-ലേക്കും മാറ്റിവച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പരീക്ഷാകേന്ദ്രത്തിനും സമയത്തിനും മാറ്റ മില്ല.

## റിസർച്ച് അദാലത്ത് സംഘടിപ്പിക്കും

സർവകലാശാലയുടെ കീഴിലുള്ള ഗവേഷകർക്ക് പരാതികൾ പരിഹരിക്കുന്ന തിനായി 'റിസർച്ച് അദാലത്ത്' നടത്തും. പരാതികൾ മാർച്ച് 28 മുതൽ ഏപ്രിൽ എട്ട് വരെ ഓൺലൈനായി സർവകലാശാല വെബ്സൈറ്റിൽ (www.keralauniversity.ac.in) **'grievance redressal'** എന്ന ലിങ്കിലൂടെ സമർപ്പിക്കാം.

## ബാച്ചിലർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ പരീക്ഷ

ഏപ്രിലിൽ നടത്തുന്ന രണ്ട്, നാല്, (സപ്ലിമെന്ററി), ആറ്, എട്ട് (റഗുലർ ആന്റ് സപ്ലിമെന്ററി) സെമസ്റ്റർ ബാച്ചിലർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ പരീക്ഷ കൾക്കുള്ള അപേക്ഷകൾ ഓൺലൈനായി പിഴയില്ലാതെ ഏപ്രിൽ ഏഴ്, 50 രൂപ പിഴയോടെ ഏപ്രിൽ 10, 125 രൂപ പിഴയോടെ ഏപ്രിൽ 12 വരെ ഫീസടച്ച് അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ഹാൾടിക്കറ്റുകൾ കൈപ്പറ്റണം

വിദൂരവിദ്യാഭ്യാസ പഠനകേന്ദ്രം ഏപ്രിൽ 4-ന് നടത്തുന്ന ആദ്യ വർഷ, അവ സാന വർഷ എം.എച്ച്.ആർ.എം (മാസ്റ്റർ ഓഫ് ഹ്യൂമൻ റിസോഴ്സ് മാനേ ജ്മെന്റ്) സപ്ലിമെന്ററി പരീക്ഷകളുടെ ഹാൾടിക്കറ്റുകൾ തിരുവനന്തപുരം ഗവൺമെന്റ് സംസ്കൃത കോളേജിൽ നിന്നും കൈപ്പറ്റേണ്ടതാണ്.

## ബി.എ ഫലം

2017 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ സി.ബി.സി.എസ് എഫ്.ഡി.പി ബി.എ പരീക്ഷാഫലം (2013 അഡ്മിഷൻ മുതൽ 2015 അഡ്മിഷൻ വരെ) വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. സൂക്ഷ്മപരിശോധ നയ്ക്കും പുനർമൂല്യനിർണ്ണയത്തിനും ഓൺലൈനായി ഏപ്രിൽ 18 വരെ അപേക്ഷിക്കാം.

## ബി.എസ്.ഡബ്ല്യൂ വൈവ

2017 ഡിസംബറിലും, 2018 ജനുവരിയിലും നടത്തിയ ബി.എസ്.ഡബ്ല്യൂ അഞ്ച്, മൂന്ന് സെമസ്റ്ററുകളുടെ വൈവ ഏപ്രിൽ നാല് മുതൽ അതത് കോളേജുകളിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## സമ്മർക്യാമ്പ് ഉദ്ഘാടനം

കേരള സർവകലാശാല ക്യാമ്പസ് അസോസിയേഷൻ സംഘടിപ്പിച്ചിരിക്കുന്ന സമ്മർക്യാമ്പ് ഇൻസ്പെയർ 2018-ന്റെ ഉദ്ഘാടനം എഴുത്തുകാരനും കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ 2013-ലെ ശാസ്ത്രസാഹിത്യ അവാർഡ് ജേതാവുമായ ഡോ. സി.പി അരവിന്ദാക്ഷൻ നിർവ്വഹിക്കും. ഏപ്രിൽ രണ്ടിന് രാവിലെ 10 മണിക്ക് ക്യാമ്പസ് നഴ്സറി സ്കൂളിൽ വെച്ച് നട ക്കുന്ന ക്യാമ്പിലേക്ക് രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ കുട്ടികളും എത്തിച്ചേരണം. വിശദവിവരങ്ങൾക്ക്: 7558079312, 9846830314.

## എം.വി.എ ഫലം

2017 സെപ്റ്റംബറിൽ നടത്തിയ രണ്ട്, മൂന്ന് സെമസ്റ്റർ എം.വി.എ (മാസ്റ്റർ ഓഫ് വിഷ്വൽ ആർട്സ്) (ആർട്ട്ഹിസ്റ്ററി & പെയിന്റിംഗ്) പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. സൂക്ഷ്മപരിശോധ നയ്ക്കും പുനർമൂല്യനിർണ്ണയത്തിനും ഏപ്രിൽ 13 വരെ അപേക്ഷിക്കാം.

## എം.എ, എം.കോം, എം.എസ്സി ഫലം

2017 ഫെബ്രുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എ ഇക്കണോമിക്സ്, മലയാളം വിത്ത് മീഡിയസ്റ്റഡീസ്, മലയാളം, എം.കോം, എം.എസ്സി സുവോ ളജി പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.എഡ് പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു

ഡിപ്പാർട്ട്മെന്റ് ഓഫ് എഡ്യൂക്കേഷൻ എം.എഡ് കോഴ്സിലേക്കുള്ള പ്രവേശന പരീക്ഷകൾക്ക് ഓൺലൈനായി അപേക്ഷ ക്ഷണിക്കുന്നു. ബി.എഡ് ബിരുദധാ രികൾക്കും, അവസാന സെമസ്റ്റർ പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്കും അപേക്ഷിക്കാം. അപേക്ഷിക്കേണ്ട അവസാന തീയതി ഏപ്രിൽ 10. വിശദവിവര ങ്ങൾക്ക് സർവകലാശാലയുടെ അഡ്മിഷൻ വെബ്സൈറ്റ് (www.admissions.keralauniversity.ac.in/css2018 ) സന്ദർശിക്കുക. ഫോൺ. 0471 2304718, 9447943244.

## വകുപ്പ് മേധാവികൾക്ക് വിദഗ്ദപരിശീലനം

അലിഗഡ് മുസ്ലീം സർവകലാശാല യു.ജി.സി ഹ്യൂമൺ റിസോഴ്സ് ഡെവല പ്പ്മെന്റ് സെന്ററിന് കീഴിൽ പ്രവർത്തിക്കുന്ന സെന്റർ ഫോർ അക്കാദമിക് ലീഡർഷിപ്പ് ആന്റ് എഡ്യൂക്കേഷൻ മാനേജ്മെന്റ് (സി.എ.എൽ.ഇ.എം) കേരള സർവകലാശാലയുമായി സഹകരിച്ച് നടത്തുന്ന (വിദ്യാഭ്യാസ വിഭാഗം) പരീ ശീലനത്തിന് അപേക്ഷിക്കാം. ഏപ്രിൽ ഒൻപത് മുതൽ 12 വരെ നടത്തുന്ന പരി ശീലനത്തിൽ താല്പര്യമുള്ളവർ sameer@keralauniversity.ac.in എന്ന ഇ-മെയിലി ലേക്ക് ഒറ്റപ്പേജ് റെസ്യൂം അയയ്ക്കുക. വിശദവിവരങ്ങൾക്ക് 9447943244 എന്ന നമ്പറിൽ ബന്ധപ്പെടുക.

## ബി.കോം പരീക്ഷ

ഏപ്രിൽ 30-ന് ആരംഭിക്കുന്ന മൂന്നാം വർഷ ബി.കോം ആന്വൽ സ്കീം (എസ്. ഡി.ഇ, പ്രൈവറ്റ്) പാർട്ട് മൂന്ന് പരീക്ഷകൾക്ക് പിഴകൂടാതെ ഏപ്രിൽ 13, 50 രൂപ പിഴയോടെ ഏപ്രിൽ 17, 125 രൂപ പിഴയോടെ ഏപ്രിൽ 19 വരെയും ഫീസ

ടച്ച് അപേക്ഷിക്കാം. 2014 അഡ്മിഷൻ മുതലുള്ളവർ ഓൺലൈനായി (www.de.keralauniversity.ac.in) എന്ന വെബ്സൈറ്റിലൂടെയും മറ്റുള്ളവർ നേരിട്ട് അപേക്ഷാഫോമിലൂടെയും ഏപ്രിൽ അഞ്ച് മുതൽ അപേക്ഷിക്കണം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## രജിസ്ട്രേഷൻ ആരംഭിച്ചു

കായിക പഠനവകുപ്പ് സർവകലാശാല സ്റ്റേഡിയത്തിൽ പൊതു ജനങ്ങൾക്കായി സംഘടിപ്പിച്ചു വരുന്ന യോഗ പരിശീലന പരിപാടിയുടെ ഏപ്രിൽ മാസത്തേക്കുള്ള രജിസ്ട്രേഷൻ ആരംഭിച്ചു. അപേക്ഷ ഫോം ജി.വി രാജ പവലിയനിൽ പ്രവർത്തിക്കുന്ന കായിക പഠന വകുപ്പ് ഓഫീസിൽ നിന്നും ലഭിക്കും. വിശദവിവരങ്ങൾക്ക് ഫോൺ: 8921507832/ 0471-2306485.

## എം.എസ്സി ഫലം

2017 ജൂലൈയിൽ നടന്ന നാലാം സെമസ്റ്റർ എം.എസ്സി ബയോ കെമിസ്ട്രി പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.



തിരുവനന്തപുരം.
31.03.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,



സെക്ഷൻ ഓഫീസർ